## പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1888 22/03/2012 - ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളി ഭവനപദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ: | | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
| (എ) | മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനപദ്ധതി പ്രകാരം അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് ആനുകൂല്യം നൽകാനാവും ; | (എ) | അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്ന് ലഭിക്കുന്ന അപേക്ഷകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ബന്ധപ്പെട്ട ജില്ലാതല കമ്മിറ്റിയാണ് ഭവനങ്ങളുടെ എണ്ണം നിശ്ചയിക്കുന്നത്. |
| (ബി) | ഭവനവായ്പയുടെ അടങ്കൽ തുക എത്രയാണെന്ന് അറിയിക്കുമോ ; | (ബി) | രണ്ട് ലക്ഷം രൂപ നിരക്കിൽ 500 ഗുണഭോക്താക്കൾക്ക് 10 കോടി രൂപയുടെ പദ്ധതിക്കുള്ള ഭരണാനുമതിയാണ് സംസ്ഥാനത്ത് ആകെ നൽകിയിട്ടുള്ളത്. |
| (സി) | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡം എന്താണ് ; | (സി) | മത്സ്യബോർഡിൽ അംഗത്വമുള്ളവരും 18-നും 60-നും ഇടയിൽ പ്രായമുള്ളവരും 2 സെന്റ് ഭൂമിയെങ്കിലും (ഭാര്യയ്ക്കോ/ഭർത്താവിനോ) സ്വന്തമായുള്ളവരുമായ, വിവാഹിതരായ |

മത്സ്യത്തൊഴിലാളികൾക്കാണ് അപേക്ഷിക്കാനുള്ള പ്രാഥമിക അർഹത.

(ഡി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരൊക്കെയാണ് അംഗങ്ങളെന്ന് വ്യക്തമാക്കുമോ ?

(ഡി) സർക്കാർ നോമിനികൾ ഒഴികെയുള്ളവർ ജില്ലാതല കമ്മിറ്റികളിലെ സ്ഥിരാംഗങ്ങളാണ്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ഭാഗമായുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം അനൗദ്യോഗിക അംഗങ്ങളെ ജില്ലാ ഗുണഭോക്തൃസമിതികളിലേയ്ക്ക് നാമനിർദ്ദേശം ചെയ്ത് ഉത്തരവായിട്ടുണ്ട്. നിലവിലുള്ള സ്ഥിര അംഗങ്ങൾ: ജില്ലാ കളക്ടർ (ചെയർമാൻ), ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലയിലെ എല്ലാ എം.എൽ.എ മാരും, എം.പി. മാരും, ജില്ലാ ഫിഷറീസ് ആഫീസർ (കൺവീനർ)

സെക്ഷൻ ഓഫീസർ